കാർഷിക സർവകലാശാലയുടെ പ്രവർത്തനം

9 [1933] ശ്രീ. ടി. കെ. രാമകൃഷ്ണൻ:
,, പി. ടി. കുഞ്ഞിമുഹമ്മദ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാർഷിക സർവകലാശാലയുടെ പ്രവർത്തനം സർക്കാർ വിലയിരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ സർവകലാശാലയുടെ ഇപ്പോഴത്തെ പ്രവർത്തനം സർവകലാശാലയുടെ ഉദ്ദേശ ലക്ഷ്യങ്ങളും ആവശ്യങ്ങളും സാദ്ധ്യമാകത്തക്ക രീതിയിലല്ല എന്ന ആക്ഷേപം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇത്തരത്തിലുള്ള ആരോപണത്തിനിടയാക്കിയ സാഹചര്യമെന്താണെന്ന് വ്യക്തമാക്കുമോ;

(സി) സർവകലാശാലയുടെ ഇപ്പോഴത്തെ വൈസ്ചാൻസലർ എത്രവർഷമായി ഈ പദവിയിൽ തുടരുന്നുവെന്ന് വ്യക്തമാക്കുമോ;

(ഡി) സർവീസിൽ നിന്നും റിട്ടയർ ചെയ്ത പ്രസ്തുത ഉദ്യോഗസ്ഥൻ ഉന്നത സ്ഥാനത്ത് തുടരുന്നത് സർവകലാശാലയിൽ വിമർശനത്തിനും ഉദ്യോഗസ്ഥർക്കിടയിൽ അസംതൃപ്തിയ്ക്കും കാരണമാക്കിയിട്ടുണ്ടോ എന്ന് സർക്കാർ പരിശോധിക്കുമോ?

ഉത്തരം

(എ) ഉണ്ട്. സർവകലാശാലയുടെ പ്രവർത്തനത്തെക്കുറിച്ച് ചില ആക്ഷേപങ്ങൾ ഉയർന്നു വന്നിട്ടുണ്ട്.

(ബി) ആക്ഷേപങ്ങളെക്കുറിച്ച് സർക്കാർ പരിശോധിച്ചുവരുന്നു.

(സി) 29-7-1992 മുതൽ.

(ഡി) നിലവിലുള്ള കാർഷിക സർവകലാശാല നിയമമനുസരിച്ച് നിയമന കാലാവധി മുതൽ 5 വർഷത്തേയ്ക്കാണ് വൈസ്ചാൻസലറെ നിയമിക്കുന്നത്. പ്രായപരിധി നിശ്ചയിച്ചിട്ടില്ല.

പുതിയ കാർഷിക കോളേജ്

10 [1934] ശ്രീമതി ശോഭനാ ജോർജ്ജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പുതിയ കാർഷിക കോളേജുകൾ തുടങ്ങുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ എവിടെയെല്ലാം എന്നു വ്യക്തമാക്കാമോ;

(സി) കാർഷിക സർവകലാശാല എത്ര കൃഷി വിജ്ഞാന കേന്ദ്രങ്ങൾ നടത്തുന്നുണ്ട് എന്നും അവ എവിടെ എല്ലാം ആണെന്നും വ്യക്തമാക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly